വില നിശ്ചയിക്കുന്നതിനുള്ള അവസരം തുടങ്ങിയത് 2003-2004 സാമ്പത്തിക വർഷത്തിലാണ്. വിലപേശലിനോ അതിൽ നിന്നുള്ള അവിഹിത ഇടപെടലിനോ ഉള്ള അവസരം ഒഴിവാക്കുന്നതിനാണ് ഇപ്രകാരം ചെയ്യുന്നത്. മദ്യത്തിന്റെ വിലയുടെ കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയാൽ അത് സർക്കാരിന് ലഭിക്കേണ്ട വരുമാനത്തെയും ബാധിക്കും.

സ്വതന്ത്രമായി വില നിശ്ചയിക്കുന്ന രീതി (free pricing) നടപ്പാക്കുമ്പോൾ വിപണിയിലെ ആവശ്യങ്ങൾ നോക്കി വിവിധ മദ്യക്കമ്പനികൾ അവരുടെ ഉല്പന്നങ്ങൾക്ക് വില കൂട്ടുകയോ, കുറയ്ക്കുകയോ ചെയ്യും. എന്നാൽ, നിശ്ചിത ശതമാനം വില വർദ്ധനവ് അനുവദിച്ചാൽ എല്ലാ ഇനം മദ്യത്തിന്റെയും വില ഒരു പോലെ വർദ്ധിപ്പിക്കാൻ ഇടവരും. വിപണിയിലെ മദ്യത്തിന്റെ വില ചിലയിനങ്ങൾക്ക് കൂടുകയും മറ്റിനങ്ങൾക്ക് കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ ഉപഭോക്താവിന് വില കൂടിയതിൽനിന്നും കുറഞ്ഞതിലേയ്ക്ക് പോകുന്നതിനുള്ള അവസരം ലഭിക്കും. എന്നാൽ, നിശ്ചിത ശതമാനം വർദ്ധനവ് എല്ലാ മദ്യത്തിനും നടപ്പാക്കുന്ന രീതി സ്വീകരിച്ചാൽ എല്ലാ മദ്യത്തിനും ഒരുപോലെ വില വർദ്ധിക്കുകയും ഉപഭോക്താക്കളിൽ പലരും വില വർദ്ധനവ് താങ്ങാനാവാതെ വ്യാജ മദ്യത്തിൽ ആശ്രയിക്കുന്ന സ്ഥിതിയും ഉണ്ടാകും. തികച്ചും റീട്ടെയിൽ സ്ഥാപനങ്ങളായ ബാറുകളോ കൺസ്യൂമർ ഫെഡറേഷൻ പോലുള്ള റീട്ടെയിൽ സ്ഥാപനങ്ങളോ ചെയ്യുന്ന വിധത്തിൽ പൊതുമേഖലയിൽ ഉള്ളതും, വിവിധ കമ്പനികളിൽനിന്ന് ടെൻഡർ അടിസ്ഥാനത്തിൽ മദ്യം എടുക്കുന്നതുമായ കെ.എസ്.ബി.സി.-യ്ക്ക് പ്രവർത്തിക്കാനാവില്ല. ആയതിനാൽ അന്വേഷണം നടത്തേണ്ട ആവശ്യമില്ല.

അമിത വിലയ്ക്ക് ബിവറേജസ് കോർപ്പറേഷൻ വാങ്ങിയ വിദേശമദ്യം

115 [1094] ശ്രീ. ജോർജ് ജെ. മാത്യു:

" പ്രയാർ ഗോപാലകൃഷ്ണൻ:

" എൻ. ശക്തൻ:

" കെ. മുഹമ്മദാലി:

" സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജ് കോർപ്പറേഷന് മദ്യം നൽകുന്ന കമ്പനികൾ മദ്യത്തിന്റെ വില കൂട്ടണമെന്ന് ഈയിടെ ആവശ്യപ്പെട്ടിരുന്നോ;

(ബി) എങ്കിൽ എത്രത്തോളം വില കൂട്ടണമെന്നാണ് ഓരോ കമ്പനിയും ആവശ്യപ്പെട്ടത്;

(സി) അതനുസരിച്ച് ഈ സാമ്പത്തിക വർഷം മുതൽ ബിവറേജസ് കോർപ്പറേഷൻ വർദ്ധിച്ച വിലയ്ക്കാണോ മദ്യം വാങ്ങിയത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ മദ്യത്തിന്റെ വില എത്ര ശതമാനമാണ് വർദ്ധിപ്പിച്ചത്;

(ഇ) ഇപ്രകാരം വർദ്ധിപ്പിച്ച വിലയ്ക്ക് മദ്യം വാങ്ങുന്നതിന് ഗവൺമെന്റ് അനുമതി നൽകിയിരുന്നുവോ;

(എഫ്) എങ്കിൽ എന്നാണ് നൽകിയത്;

(ജി) ഗവൺമെന്റ് അനുമതി നൽകാത്തപക്ഷം വർദ്ധിച്ച വിലയ്ക്ക് മദ്യം വാങ്ങുവാൻ അനുമതി നൽകിയത് ആരാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. കേരളത്തിൽ മദ്യം നൽകുന്ന കമ്പനികളെ പ്രതിനിധീകരിച്ച് കൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ആൾക്കഹോളിക് ബിവറേജസ് കമ്പനീസും കേരള ഡിസ്റ്റിലറീസ് ആന്റ് ബോട്ടലേഴ്സ് ഫെഡറേഷനും 2004 ജൂൺ മാസത്തിൽ കോർപ്പറേഷന് നൽകിയ നിവേദനങ്ങളിൽ തങ്ങൾ കോർപ്പറേഷൻ നൽകുന്ന മദ്യത്തിന് യഥാക്രമം 55-ഉം 35-ഉം രൂപയുടെ വില വർദ്ധനവ് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വർദ്ധിപ്പിച്ച വിലയ്ക്ക് മദ്യം വാങ്ങിയിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ ആന്റ് എഫ്) 1984 മുതൽ മദ്യക്കമ്പനികൾ സമർപ്പിക്കുന്ന ടെന്ററുകൾ പരിശോധിച്ച് തീരുമാനം എടുക്കുന്നത് ഡയറക്ടർ ബോർഡാണ്. ഇതിന് സർക്കാരിന്റെ അനുമതി ആവശ്യമില്ല.

(ജി) മുകളിൽ പറഞ്ഞ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഇന്ത്യൻ നിർമ്മിത വിദേശമദ്യം

116 [1095] ശ്രീ. ഇ. എം. അഗസ്തി:
„ കെ. അച്ചുതൻ:
„ കെ. എ. ചന്ദ്രൻ:
„ കെ. സി. ജോസഫ്:
„ എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രതിവർഷം ഉല്പാദിപ്പിക്കുന്നതും കുപ്പിയിലാക്കുന്നതുമായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ അളവെത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിവർഷം സംസ്ഥാനത്തിനാവശ്യമായ മദ്യം എത്രയാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly